II ഇ.ബി. XIകേരള നിയമസഭ/IVI

# പതിനൊന്നാം  കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

<u>2002 ജൂൺ 12, ബുധൻ</u>

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ  സൂചിപ്പിക്കുന്നു.)

1 ( *1 )  <u>പഞ്ചിംഗ് സമ്പദായം</u>

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി ) നൽകിയ മറുപടിയിൽ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൾ സ്റ്റേഷനുകൾ, തിരുവനന്തപുരം കളക്ടറേറ്റ് എന്നിവിടങ്ങളിൽ പഞ്ചിംഗ് സമ്പ്രദായം ഒന്നാംഘട്ടം എന്ന നിലയ്ക്ക് നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.ജീവനക്കാരുടെ ഹാജർ നില മെച്ചപ്പെടുത്തുക വഴി ഭരണം കാര്യക്ഷമമാക്കാനാണ് ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്.

നടപ്പിലാക്കിയ ഓഫീസുകളിലെ ഇതിന്റെ പ്രവർത്തനം വിലയിരുത്തി വിജയകരമാണെന്നു കണ്ടാൽ മറ്റ് സർക്കാർ ഓഫീസുകളിലും ഇത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഉദ്ദേശിച്ചതുപൊലെ കേരളത്തിൽ പഞ്ചിംഗ് സംപ്രദായം വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച ഭരണ പരിഷ്കാര കമ്മിഷന്റെ രണ്ടാമത് റിപ്പോർട്ടു പ്രകാരം ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 1–3–2000–ൽ സെക്രട്ടേറിയറ്റ് അനക്സിലും 1–3–2000–ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും 1–4–2000–ൽ ആരോഗ്യ വകുപ്പു ഡയറക്ടറേറ്റിലും 23–5–2000–ന് തൃശ്ശൂരിലെയും 1–8–2000–ന്

കണ്ണൂരിലേയും 7-6-2000-ന് കൊല്ലത്തേയും സിവിൾ സ്റേററഷനുകളിലും പഞ്ചിംഗ് സംപ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഇതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ഇതിന്റെ നാനാ വശങ്ങളെക്കുറിച്ച് പരിശോധിച്ചതിനുശേഷം മാത്രമേ കൂടുതൽ ഓഫീസുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുകയുള്ളൂ. സംസ്ഥാനത്തെ വിവിധ ഓഫീസുകളിലായി 41,57,253 രൂപ ചെലവഴിച്ച് 72 പഞ്ചിംഗ് മെഷീനുകൾ സ്ഥാപിച്ചതിൽ തൃശ്ശൂരിലെ ഏഴെണ്ണം ഇടിമിന്നലേറ്റ് കേടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം കാര്യങ്ങളെല്ലാം ആലോച്ച്ചു മാത്രമേ മുന്നോട്ടു പോവുകയുള്ളൂ. ഭരണപരിഷ്കാരങ്ങൾ വിജയപ്രദമായി നടപ്പിലാക്കണമെങ്കിൽ നിയമനടപടികൾക്കു പുറമെ ജീവനക്കാരുടെ സഹകരണംകൂടി ആവശ്യമാണ്. ഇതിനായി സർക്കാർ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളെ വിളിച്ച് സർക്കാർ ഓഫീസുകളിൽ. ജീവനക്കാർ സമയത്തു ഹാജരാകണമെന്നും സർക്കാർ ഓപീസുകളിലെ അഴിമതി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വളരെ അനുഭാവപൂർവ്വമായ നിലപാടാണ് ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ആവശ്യങ്ങളുമായി സർക്കാർ ഓഫീസുകളിലെത്തുന്ന സാധാരണ ജനങ്ങൾക്ക് നീതി ലഭ്യമാക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ ഓഫീസുകളിൽ മുഖ്യമന്ത്രി നടത്തുന്ന മിന്നൽ പരിശോധന മൂലം അവിടത്തെ ചില അപാകതകൾ കണ്ടുപിടിക്കാനും പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. ഈ മിന്നൽ പര്യടനം തുടരുന്നതാണ്. സർക്കാർ ഓഫീസുകളിൽ ജീവനക്കാർ അകത്തേയ്ക്ക് പ്രവേശിക്കുന്നതും പുറത്തേയ്ക്ക് പോകുന്നതും ഒരേ ഗേറ്റിലൂടെയാക്കുന്ന സംപ്രദായം നടപ്പിലാക്കാനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്. സംസ്ഥാനം നേരിടുന്ന
സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനും സാധാരണ ജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽ ബുദ്ധിമുട്ടുണ്ടാകാതിരിക്കാനും ആധുനിക മാർഗ്ഗങ്ങളുപയോഗിച്ച് കൂടുതൽ അദ്ധ്വാനിക്കുകയാണ് ചെയ്യേണ്ടത്. സർക്കാർ ഓഫീസുകളിൽ പരാതി സമർപ്പിക്കുമ്പോൾ രസീത് നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്നും സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 2 (*2 ) ചികിൽസാഫീസ് നൽകാൻ കഴിയാത്ത രോഗികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കാൻ നടപടി

ആരോഗ്യവകുപ്പു മന്ത്രി ( ശ്രീ പി. ശങ്കരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സാധുക്കളായ രോഗികൾക്ക് വേണ്ടത്ര വിദഗ്ദ്ധ ചികിത്സ ലഭിക്കാത്ത ദുഃസ്ഥിതി
നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് സഭയെ അറിയിച്ചു. ചികിത്സാ ഫീസ് നൽകാൻ കഴിയാത്ത പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ ചികിത്സ നൽകാൻ പറ്റിയ സാഹചര്യം

ഗവൺമെന്റ് ആശുപത്രികളിൽ ഉണ്ടാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ പരിഗണനയിലുണ്ട്:

22–5–2002–ലെ ജി.ഒ.(പി) നം.115/2002/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ സർക്കാർ ആശുപത്രികളിലെ ചികിത്സാ ഫീസ് വർദ്ധനവ് സർക്കാർ പിൻവലിച്ചിട്ടുണ്ട്. പ്രതിമാസം 1500 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവരിൽനിന്നും ചികിത്സാഫീസ് ഈടാക്കുന്നില്ല. കൂടാതെ 11–3–2002–ലെ ജി.ഒ.
(പി) 560/02/ആ.കു.വ. പ്രകാരംദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കുംസൗജന്യമായി ചികിത്സ നൽകിവരുന്നു. കൂടാതെ നിർദ്ധനരോഗികൾക്കുള്ളചികിത്സാ പദ്ധതിപ്രകാരം പാവപ്പെട്ട രോഗികൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്കുള്ള ധനസഹായം നൽകിവരുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി പ്രകാരം ദാരിദ്യരേഖയ്ക്ക്താഴെയുള്ളവർക്കുവേണ്ടി ഒരു പ്രത്യേക ചികിത്സാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൻപ്രകാരം ഒരു കുടുംബത്തിന് 20,000 രൂപ വരെയുള്ള ചികിത്സാ ചെലവുകൾ സൗജന്യമായി വഹിക്കാൻ സാധിക്കും.

ബി.പി.എൽ. കാർഡുകൾ ഹാജരാക്കുന്ന രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതാണ്.അതിൽ എന്തെങ്കിലുംഅപാകത തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറോ, പഞ്ചായത്തു സെക്രട്ടറിയോ നൽകുന്ന സർട്ടിഫിക്കറ്റ് 72 മണിക്കൂറിനുള്ളിൽ ഹാജരാക്കുകയോ, അതുമല്ലെങ്കിൽ അതാത് ആശുപത്രി സൂപ്രണ്ടിനോ, പരിശോധിക്കുന്ന ഡോക്ടർക്കോ ബോദ്ധ്യപ്പെട്ട് അത് കേസ് ഷീറ്റിൽ എഴുതുകയോ ചെയ്താൽ ആ രോഗിക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. നിർദ്ധനരായ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സാ സഹായത്തിന് പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല. ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ട്യൂമർ ശസ്ത്രക്രിയ തുടങ്ങിയ ഏഴിനം ചികിത്സകൾക്കാണ് നിർദ്ധനരോഗികൾക്ക് പരമാവധി 50,000 രൂപ വരെ ധനസഹായം നൽകിവരുന്നത്.. കൂടാതെ പ്രധാനമന്ത്രിയുടെ ചികിത്സാ പദ്ധതിയിൽപ്പെടുത്തി നിർദ്ധനരായ രോഗികൾക്ക് ചികിത്സയ്ക്കുള്ള മുഴുവൻ തുകയും നൽകാറുണ്ട്. മുഖ്യമന്ത്രിയുടെ ചികിത്സാ പദ്ധതിയിൽനിന്ന് സഹായം ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്ന കാര്യം ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ബുദ്ധിമുട്ടായതുകൊണ്ട് വ്യക്തികൾ, സംഘടനകൾ., പൊതുമേഖലാസ്ഥാപനങ്ങൾ, ബാങ്കുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ കെട്ടിടങ്ങളും വാർഡുകളും ഉണ്ടാക്കുന്ന കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 50 ലക്ഷത്തോളം രൂപയുടെ ഉപകരണങ്ങൽ വാങ്ങാനും വാർഡു മെച്ചപ്പെടുത്താനും ആ ഭാഗത്തെ റോഡു മുഴുവൻ റബ്ബറൈസ് ചെയ്യാനും കാട് വെട്ടിത്തെളിക്കാനും തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. അതു സംബന്ധിച്ച് ഈ മാസം 20–ാം തീയതി ചർച്ച വച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ മറ്റു മെഡിക്കൽ കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ചികിത്സാസഹായ നിധിയിൽനിന്നുള്ള ചികിത്സാ സഹായം വർദ്ധിപ്പിക്കുന്ന കാര്യം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. സെൻട്രൽ പർച്ചേസ് കമ്മിറ്റി രജിസ്റ്റർ ചെയ്ത ചില മരുന്നു കമ്പനികൾ ഹൈക്കോടതിയിൽനിന്നും വാങ്ങിയ സ്റ്റേ വെക്കേറ്റ് ചെയ്ത് യഥാസമയം മെഡിക്കൽകോളേജുകളടക്കമുള്ള ആശുപത്രികൾക്ക് മരുന്നുകൾ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ട രോഗികൾക്ക് ഏർപ്പെടുത്തിയ ചികിത്സാ ഫീസ് പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ്എല്ലാ ആശുപത്രികൾക്കും ഉടനെതന്നെ അയച്ചുകൊടുക്കുന്നതാണ്. കേരളത്തിലെസെക്കണ്ടറി ആശുപത്രികളുടെ വികസനംകൂടി ലാക്കാക്കി ഹൈദ്രാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജിനെക്കൊണ്ട് എട്ടര ലക്ഷം രൂപ ചെലവഴിച്ച്ഒരു പദ്ധതി തയ്യാറാക്കി ലോകബാങ്കിന്റ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സെൻട്രൽ പർചേസ് കമ്മിറ്റി മരുന്നിന്റെ വില ക്വാട്ട് ചെയ്ത്, ഏറ്റവും താഴ്ന്ന ടെണ്ടർ വയ്ക്കുന്ന ആളിന് നെഗോഷ്യേഷന്റെ അടിസ്ഥാനത്തിൽ മരുന്ന് കൊടുക്കുന്നതാണ്. രോഗികൾക്ക് ചികിത്സാഫീസ് വ്യക്തമാക്കുന്ന വിധത്തിൽ എല്ലാ ആശുപത്രികളിലും പരസ്യപ്പലക സ്ഥാപിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്. വ്യക്തമായ റേഷ്യോയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക്പ്രത്യേക സൗജന്യം ഏർപ്പെടുത്തിക്കൊണ്ട് സ്വകാര്യപങ്കാളിത്തത്തോടെയുള്ള വികസനം നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നിർദ്ധനരായ രോഗികൾക്കുള്ള ചികിത്സാസഹായം ലഭിക്കാനുതകുന്ന വിധം പരിയാരം മെഡിക്കൽ കോളേജിനെക്കൂടി ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം ആലോചിക്കുന്നതാണെന്നും മുഖ്യമന്ത്രിയുടെ പ്രത്യേക ചികിത്സാ പദ്ധതി പ്രകാരമുള്ള സഹായം യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3 (* 3 ) <u>ആശുപത്രികളുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ</u>

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ആശുപത്രികളുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ,കോഴിക്കോട് എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡീ–അഡിക്ഷൻ സെന്ററുകൾ, തൃശ്ശൂർ,കോട്ടയം മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സയ്ക്കു വേണ്ട ഉപകരണങ്ങൾ വാങ്ങൽ എന്നിവ കൂടാതെ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രജനന ശിശു ആരോഗ്യപരിപാടി, കുടുംബക്ഷേമ പദ്ധതി, യൂറോപ്യൻ കമ്മിഷൻ, സംയോജിത ജനസംഖ്യയും വികസനവും (UNFPA) പതിനൊന്നാം ധനകാര്യ പദ്ധതി, പുതുക്കിയ

ക്ഷയരോഗ നിയന്ത്രണ പരിപാടി, എയിഡ്സ് കൺട്രോൾ പ്രോഗ്രാം, ട്രോമാകെയർ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.
ഇതിനായി കോട്ടയം മെഡിക്കൽ കോളേജിന് 2 കോടി രൂപയും തൃശ്ശൂർ മെഡിക്കൽ കോളേജിന് 1.8 കോടി രൂപയും ധനസഹായമായി കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടു കാരണം തുക ഇതുവരെയും റിലീസ് ചെയ്തിട്ടില്ല.

പ്രജനന ശിശു ആരോഗ്യ പരിപാടിക്കായി 634.03 ലക്ഷം രൂപയും സംയോജിത ജനസംഖ്യയും വകസനവും പദ്ധതിക്കായി 400 ലക്ഷം രൂപയും യൂറോപ്യൻ കമ്മിഷനുവേണ്ടി 140 ലക്ഷം രൂപയും 11–ാം ധനകാര്യ കമ്മിഷനുവേണ്ടി 9 കോടി രൂപയും ട്രോമാകെയർ യൂണിറ്റിനുവേണ്ടി 1.5 കോടി രൂപയും പുതുക്കിയ ക്ഷയരോഗനിയന്ത്രണ പരിപാടിക്കായി 3.24 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഈ കലയളവിൽ ഓരോ ഇനത്തിലും ചെലവായ തുക താഴെപ്പറയും പ്രകാരമാണ്

| പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| പ്രജനന ശിശു ആരോഗ്യ പരിപാടി | 23403089 | 34798134 (Carried over figure) |
| യൂറോപ്യൻ കമ്മിഷൻ | 26600000 | 22261475 |
| സംയോജിത ജനസംഖ്യയും വികസനവും | 60000000 | 43626157 |
| പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി | 32400000 | 24595000 |
| എയിഡ്സ് കൺട്രോൾ സൊസൈറ്റി | 1000000 | 59672 |
| എറണാകുളം ജനറൽ ആശുപത്രിയിൽ ട്രോമോ കെയർ കേന്ദ്രം | 15000000 | 6300000 |
| കുടുംബ ക്ഷേമ പരിപാടി | 611968000 | അക്കൗണ്ടന്റ് ജനറലിൽ നിന്നും |

വിവരം ലഭിച്ചിട്ടില്ല.

സംസ്ഥാനത്തെ പ്രൈമറി ഹെൽത്തു സെന്റർ മുതൽ മെഡിക്കൽ കോളേജു വരെയുള്ള ആശുപത്രികളുടെ ബുദ്ധിമുട്ട് പരിഹരിക്കാനുതകുന്ന വിധം ഒരു പദ്ധതി തയ്യാറാക്കി ഉടനെതന്നെ കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് കഴിഞ്ഞ വർഷം കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായമൊന്നും ലഭിച്ചിട്ടില്ലെന്നും സംസ്ഥാനത്തെ പണി നടന്നുകൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുന്ന കാര്യം ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

4 (*4) <u>ആഭ്യന്തര വകുപ്പിലെ പരിഷ്കാരങ്ങൾ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷംകുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസിന്റെ വിവിധ വിഭാഗങ്ങളിൽ താഴെപ്പറയുന്ന പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് നവീകരണത്തിനായി 63 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ശാസ്ത്രീയമായ കേസന്വേഷണത്തിനായി

വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും പോലീസ് ഫോട്ടോഗ്രാഫിക് ബ്യൂറോയുടേയും ഫോറൻസിക് ലബോറട്ടറിയുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ആധുനിക ഉപകരണങ്ങൾവാങ്ങുന്നതിനും സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും നശിപ്പിക്കുന്നതിനുമുള്ള ഉപകരണങ്ങൾ, റയട്ട് കൺട്രോൾ

ആവശ്യത്തിനുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നടപടി എടുത്തുവരുന്നു. നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങൾതടയാൻ രാത്രികാല പട്രോളിംഗും കുറ്റവാളികൾ സ്ഥിരമായി തങ്ങാൻ ഇടയുള്ള സ്ഥലങ്ങളിൽ റെയിഡു നടത്തിയും രഹസ്യാന്വേഷണം വഴി ലഭിക്കുന്ന വിവരം വച്ച് പ്രിവന്റീവ്

**അറസ്റ്റും നടത്തിവരുന്നു. പൊതുജനങ്ങളിൽനിന്നും നേരിട്ടോ ഫോൺ മുഖേനയോ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യാൻ മൊബൈൽ സ്ക്വാഡും പോലീസ് കൺട്രോൾ റൂമും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. 1090 എന്ന ടോൾ ഫ്രീ നമ്പരിൽ സ്വയം വെളിപ്പെടുത്താതെ പോലീസിൽ വിവരമറിയിക്കുന്നതിനുള്ള സൗകര്യം എല്ലാ ജില്ലകളിലും ലഭ്യമാണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് വനിതാപോലീസിന്റെ അംഗസംഖ്യ നിലവിലുള്ള 2 % -ത്തിൽനിന്നും 10 % ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**

എൻ.സി.ആർ.ബി. യുടെ ക്രൈം ഇൻ ഇൻഡ്യ 1999 പ്രസിദ്ധീകരണമനുസരിച്ച് കേരളത്തിന്റെ റാങ്ക് ഓഫ് ക്രിമിനാലിറ്റി 5 ആണ്. സംസ്ഥാനത്ത് തെളിയിക്കപ്പെടാതെ

കിടക്കുന്ന കേസ്സുകൾ അന്വേഷിക്കുന്നതിനായി അതാത് യൂണിറ്റുകളിൽ ഇപ്പോൾ ക്രൈം ഡിറ്റാച്ച്മെന്റും സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്ുണ്ട്. കൂടാതെ പ്രമാദമായ കേസ്സുകൾ ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറ്റം ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ടെന്നും അറിയിച്ചു.

**രേഖാമൂലം നല്കിയ ഉത്തരങ്ങൾ**

5(*5) <u>വാർഷികപദ്ധതിക്ക് ലഭ്യമായ തുക</u>

മുഖ്യമന്ത്രി നല്കിയ ഉത്തരത്തിൽ, കേന്ദ്ര ആസൂത്രണ കമ്മിഷന് സമർപ്പിച്ച 2002-03 വർഷത്തേക്കുള്ള വാർഷിക പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരുന്ന അടങ്കൽ തുക 3750 കോടി രൂപയായിരുന്നുവെന്ന് അറിയിച്ചു. തൻവർഷത്തെ പദ്ധതിക്ക് കേന്ദ്രത്തിൽനിന്ന ്പ്രത്യേക സാമ്പത്തികസഹായം ലഭിക്കും. വിദേശസഹായമുള്ള പദ്ധതികൾക്കുള്ള 969.75 കോടി രൂപ ഉൾപ്പെടെ മൊത്തം 1344.93 കോടി രൂപയാണ് പ്രത്യേകസഹായമായി കേന്ദ്രത്തിൽനിന്നും പ്രതീക്ഷിക്കുന്നത്.

6(*7) <u>താരിഫ് വില നിർണ്ണയത്തിലുള്ള അപാകതകൾ</u>

ഗ്രാമവികസന വകുപ്പുമന്ത്രി നല്കിയ മറുപടിയിൽ, നിലവിലുള്ള ചട്ടമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ ഭൂമിയുടെ വില രജിസ്ററിംഗ് അതോറിററി നിർണ്ണയിക്കാറില്ലെന്ന് അറിയിച്ചു. ആധാരത്തിൽ വില കുറച്ചാണ് കാണിച്ചിരിക്കുന്നതെന്ന് ബോദ്ധ്യമുണ്ടെങ്കിൽ രജിസ്ററിംഗ് അതോറിറ്റി ആധാരം രജിസ്ററർ ചെയ്യുകയും അണ്ടർ വാലേഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

7(*8) <u>നഗരങ്ങളിലെ മാലിന്യ നിർമാർജനം കാര്യക്ഷമമാക്കാൻ പദ്ധതികൾ</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നല്കിയ ഉത്തരത്തിൽ , നഗരങ്ങളിലെ മാലിന്യ നിർമാർജനം കൂടുതൽ കാര്യക്ഷമമാക്കുവാൻ സർക്കാർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നറിയിച്ചു. മുനിസിപ്പൽ ഭരണ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച പശ്ചാത്തല വികസന സെൽ പ്രവർത്തനമാരംഭിക്കുന്നതോടെ ഇക്കാര്യത്തിൽ കൂടുതൽ ഏകീകൃതരൂപം കൈവരിക്കുന്നതാണ്. ഖരമാലിന്യ സംസ്കരണം കൂടുതൽ മെച്ചമാക്കുവാൻ സ്വകാര്യ മേഖലയുടെ പങ്കാളിത്തം തേടാൻ ഉദ്ദേശമുണ്ട്.

8(*18) <u>ഡോക്ടർമാർക്ക് ചികിൽസാരംഗത്ത് ആധുനികവിജ്ഞാനം ലഭ്യമാക്കുവാൻ നടപടി</u>

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഡോക്ടർമാരെ വൈദ്യശാസ്ത്രത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെപ്പറ്റി ബോധവാൻമാരാക്കുന്നതിന് തുടർവിദ്യാഭ്യാസ പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രത്യേക പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും വിദഗ്ദ്ധ

പരിശീലനത്തിനായി സംസ്ഥാനത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ ഹൃസ്വകാല/ദീർഘകാല ട്രെയിനിംഗ് കോഴ്സുകൾക്ക് അയയ്ക്കാറുമുണ്ട്..

9(*20) <u>ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽനിന്നും വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, 1998 മുതൽ 2002 വരെ ഏഷ്യൻ വികസന ബാങ്കിന്റെ ദൗത്യസംഘം വിവിധ സന്ദർഭങ്ങളിൽ കേരളം സന്ദർശിക്കുകയും, മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, മുൻ പ്രതിപക്ഷനേതാവ്, ഉന്നതോദ്യോഗസ്ഥർ എന്നിവരുമായി കേരളത്തിലെപൊതുവിഭവ സമാഹരണത്തിനും സാമ്പത്തിക മേഖലയിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിനും വ്യാവസായിക മേഖലയിലും സാമൂഹ്യ വികസന സഹായരംഗത്തും പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനെസംബന്ധിച്ചുമുള്ള ചർച്ചകൾ നടത്തിയെന്ന് അറിയിച്ചു. ഏ.ഡി.ബി.യിൽനിന്നും ഈ സാമ്പത്തികവർഷം ആദ്യഗഡുവായി 3000 കോടി രൂപയിൽ കുറയാത്ത ധനസഹായം പ്രതീക്ഷിക്കുന്നു.

10(*26) <u>ജൈവസമ്പത്ത് സംരക്ഷിക്കാൻ പ്രത്യേക സെൽ</u>

മുഖ്യമന്ത്രി നല്കിയ ഉത്തരത്തിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്ററഡീസിന്റെ ആഭിമുഖ്യത്തിൽ ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിച്ചുള്ള ഒരു റിസോഴ്സ് സെൻറർ കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായത്തോടെ സ്ഥാപിച്ചിട്ടുണ്ടെന്നും ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിക്കുന്ന കാര്യങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാരിന് വിവരങ്ങൾ നൽകുകയും പ്രധാന വിവരങ്ങളുടേയും രേഖകളുടേയും കലവറയായി പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചു. ഔഷധ സസ്യങ്ങളും വിത്തിനങ്ങളും സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി നിരന്തരം ബന്ധം പുലർത്താൻ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കേന്ദ്ര ഗവണ്മെന്റിന്റെ ബയോടെക്നോളജി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു

**.നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

1(17) <u>നിയമന നിരോധനം</u>

സർക്കാർ സർവീസിൽ അധികമുള്ള ജീവനക്കാരുടെ വിവരം ശേഖരിക്കൽ പ്രക്രിയ പൂർത്തിയാകുന്നതുവരെ ജീവനക്കാർ അധികമുള്ള വകുപ്പുകളിലേക്കുള്ള നിയമനം താല്ക്കാലികമായി നടക്കുന്നില്ല.

2(27) <u>പദ്ധതി ലക്ഷ്യങ്ങൾ</u>

സംസ്ഥാന സമ്പദ്ഘടനയുടെ ത്വരിതഗതിയിലുള്ള വളർച്ച കൈവരിക്കുന്നതിനു വേണ്ട പരിഷ്കാര നടപടികൾ ചിട്ടയോടെ പ്രാവർത്തികമാക്കിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്കും തൊഴിൽ വർദ്ധനയ്ക്കുതകുന്ന പരിപാടികൾക്കും വ്യക്തമായ ലക്ഷ്യവും മാർഗ്ഗവും നൽകി നടപ്പാക്കാനാണ് തൻ വർഷത്തെ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. സ്ത്രീ

ശാക്തീകരണത്തിനുതകുന്ന ലഘു പദ്ധതികളിൽകൂടിയും വ്യവസായം, വിനോദസഞ്ചാരം, വിവര സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ സ്വകാര്യ നിക്ഷേപമുൾപ്പെടെ കൂടുതൽ മുതൽമുടക്ക് നടത്തിക്കൊണ്ടും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

3(29) <u>പത്താം പദ്ധതിക്ക് സംസ്ഥാനം നിർദ്ദേശിച്ച അടങ്കൽ തുക</u>

24000 കോടി രൂപ അടങ്കലുള്ള പത്താം പദ്ധതിക്ക് പ്ളാനിംഗ് കമ്മിഷൻ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിന് വിദേശ സഹായമുള്ള പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം ഉൾപ്പെടെ 7736.15 കോടി രൂപയുടെ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. വൈദ്യുതി മേഖലയുടെ നിക്ഷേപമായ 3102.40 കോടി രൂപ ഉൾപ്പെടെ മൊത്തം 16263.85 കോടി രൂപ സംസ്ഥാനം കണ്ടെത്തണം.

4(31) <u>2001-02, 2002-03 വർഷങ്ങളിലെ പദ്ധതി അടങ്കൽ</u>

2001-02-ലെ വാർഷിക പദ്ധതിയുടെ ആദ്യ അടങ്കൽ 3015 കോടി രൂപയായിരുന്നു. എന്നാൽ പദ്ധതി നിർവഹണത്തിനാവശ്യമായ വിഭവം പൂർണ്ണമായും സമാഹരിക്കാൻ കഴിയാതിരുന്നതുകൊണ്ട് പദ്ധതി അടങ്കലിൽ കുറവു വരുത്തി 2260 കോടി രൂപയായി പുതുക്കി നിശ്ചയിച്ചു. 2002-03 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതി അടങ്കൽ 3750 കോടി രൂപയാണ്. സംസ്ഥാനം നേരിടുന്ന രൂക്ഷമായ സാമ്പത്തികപ്രതിസന്ധി കാരണം പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വിഭവസമാഹരണം ഉറപ്പുവരുത്തുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ മുൻവർഷത്തെ പദ്ധതി അടങ്കലിൽ കുറവു വരുത്തിയെങ്കിലും പ്രധാന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിദേശസഹായമുള്ള പദ്ധതികൾ എന്നിവയ്ക്കുള്ള പദ്ധതിവിഹിതങ്ങൾ കുറച്ചിരുന്നില്ല. അതിനാൽ സംസ്ഥാനത്തെ പൊതുവായ വികസന പ്രക്രിയയെ ഇത് പ്രതികൂലമായി ബാധിച്ചിട്ടില്ല.

5(32) <u>ഒൻപതാം പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുക</u>

ഒൻപതാം പദ്ധതിക്കുവേണ്ടി 1996-97-ലെ വിലനിലവാരമനുസരിച്ച് 16100 കോടി രൂപ നിർദ്ദേശിച്ചു. പ്രസ്തുത പദ്ധതിക്കാലത്തെ വിലവർദ്ധനയുടെ വെളിച്ചത്തിൽ ഈ തുക കൊണ്ട് ലക്ഷ്യമിടുന്ന നേട്ടം കൈവരിക്കണമെങ്കിൽ 21700 കോടി രൂപ ചെലവഴിക്കണം.ഒൻപതാം പദ്ധതിയുടെ ആദ്യ നാലു വർഷക്കാലം 11967.56 കോടി രൂപ (താല്ക്കാലിക കണക്ക്പ്രകാരം)ചെലവഴിച്ചു.

6(52) <u>പോലീസ് വെടിവയ്പുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, 2001 മേയ് 17 മുതൽ 2002 ഏപ്രിൽ 30 വരെ 34 പോലീസ് വെടിവയ്പുകൾ നടന്നിട്ടുണ്ട്.

7(101) <u>ജയിൽ തടവുകാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ</u>

സംസ്ഥാനത്തെ വിവിധ ജയിലുകളിലായി (ആകെ 40 ജയിലുകൾ) 778 ജീവപര്യന്തം തടവുകാരും 4930 മറ്റു തടവുകാരുമുണ്ട്. ജയിലുകളിൽ പാർപ്പിച്ചിട്ടുള്ള ശിക്ഷാതടവുകാരുടെ

ജയിൽവാസ കാലഘട്ടത്തിൽ മാനസിക പരിവർത്തനത്തിനും സ്വഭാവ നവീകരണത്തിനും ഉതകുംവിധം നിരവധി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. രോഗബാധിതരായ തടവുകാരെ ചികിത്സാ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് പ്രധാനപ്പെട്ട ജയിൽ സ്ഥാപനങ്ങളിൽ ആമ്പുലൻസുകൾ നൽകിയിട്ടുണ്ട്. ജയിൽ അടുക്കളകളിൽ പാചകം ചെയ്യുന്നതിനുവേണ്ടി വിറക് ഉപയോഗിച്ചിരുന്ന സമ്പ്രദായത്തിനുപകരം പ്രധാനപ്പെട്ട ജയിലുകളിൽ കുക്കിംഗ് ഗ്യാസ് സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ട്. ജയിൽ അടുക്കളയിൽ ഗ്രൈന്ററുകൾ, നിരന്തരമായ വൈദ്യുതി ലഭ്യതയ്ക്കുവേണ്ടി ജനറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. തടവുകാരുടെ വിജ്ഞാന വർദ്ധനവിനായി എല്ലാ ജയിലുകളിലും പുസ്തകങ്ങൾ വാങ്ങി ശേഖരിച്ചിട്ടുണ്ട്. ശിക്ഷാകാലയളവിൽ ഏതെങ്കിലും തൊഴിൽ പരിശീലനം ലഭിക്കുന്നതിനുവേണ്ടി നടത്തിവന്നിരുന്ന കാർപ്പന്ററി, സ്മിത്തി, ലെതർ വർക്ക്ഷോപ്പുകൾ, തുണി നെയ്യുന്നതിനുള്ള യന്ത്രത്തറികൾ, കാർഷിക വൃത്തി, ഡയറിഫാം എന്നിവയ്ക്ക് പുറമെ കമ്പ്യൂട്ടർ പരിശീലനത്തിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. തടവുകാർക്ക് വിനോദത്തിനും കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി മാനസികോല്ലാസത്തിനും അവസരം നല്കിക്കൊണ്ട് എല്ലാവർഷവും ജയിൽദിനാഘോഷങ്ങൾ നടത്തിവരുന്നു. തുറന്ന ജയിലിലും വനിതാജയിലിലും തടവുകാരുടെ ഉപയോഗത്തിനായി കട്ടിലുകൾ നൽകിയിട്ടുണ്ട്. ഇതിനോടകം കുക്കിംഗ് ഗ്യാസ് സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളിൽക്കൂടി നടപ്പുവർഷം പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതാണ്. കൂടാതെ വിനോദത്തിനുള്ള കളിക്കോപ്പുകൾ, പുസ്തകങ്ങൾ എന്നിവ നൽകുന്നതോടൊപ്പം നിലവിലുള്ള എല്ലാ ക്ഷേമപ്രവർത്തനങ്ങളും തുടരുന്നതുമാണ്.

8(115) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക</u>

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2001–02 സാമ്പത്തികവർഷം 890 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽനിന്നും 40 കോടി രൂപ കുറവ് ചെയ്ത് റ്റി.എസ്.പി. പൂൾസ് ഫണ്ടിലേക്ക് അനുവദിക്കുകയും ചെയ്തു. മേൽ തുകയിൽ 525,36,27,080/– രൂപ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ആകെ 479,04,67,339/– രൂപ ചെലവഴിച്ചിട്ടുണ്ട്.

9(117) <u>ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ</u>

ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഈ സർക്കാർ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

1. പദ്ധതി രൂപീകരണത്തിന് കർമ്മസമിതികൾക്ക് പകരം സെക്ടറൽ കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി.

2. കൃഷി, വനിതാവികസനം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ മേഖലകൾക്കു മാത്രം സെക്ടറൽ കമ്മിറ്റികൾ അനിവാര്യമായാൽ മതി. മറ്റ് മേഖലകൾക്ക് ആവശ്യമെന്നുണ്ടെങ്കിൽ സെക്ടറൽ കമ്മിറ്റികളാകാം.
3. സർക്കാർ ഉദ്യോഗസ്ഥരെ സെക്ടറൽ കമ്മിറ്റികളിൽ മാൻഡേറ്ററി അംഗങ്ങളാക്കി.
4. പദ്ധതി രേഖയും പ്രോജക്ടുകളും പരിശോധിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ചു.
5. ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടെ പ്രവർത്തന സൗകര്യാർത്ഥം വിഷയസമിതികളും രൂപീകരിക്കുവാൻ നിർദ്ദേശം നൽകി.
6. എല്ലാപ്രോജക്ടുകൾക്കും സാങ്കേതികാനുമതി വേണമെന്ന നിബന്ധന ഒഴിവാക്കി. ജലവിതരണ പ്രോജക്ടുകൾ, മണ്ണുസംരക്ഷണം, റോഡ്, കെട്ടിടങ്ങൾ , ജലസേചനം എന്നീ മരാമത്ത് പണികൾക്ക് മാത്രം സാങ്കേതികാനുമതി മതിയെന്നു നിർദ്ദേശിച്ചു.
7. ടെക്നിക്കൽ കമ്മിറ്റികളിൽ എൻജിനിയർമാരെമാത്രം അംഗങ്ങളാക്കിയാൽ മതിയെന്നു നിർദ്ദേശിച്ചു.
8. ജില്ലാതല ടെക്നിക്കൽ കമ്മിറ്റിക്ക് അപ്പലെറ്റ് അധികാരം നൽകി സാങ്കേതികാനുമതി നടപടിക്രമം ലഘൂകരിച്ചു.
9. പട്ടികവർഗ്ഗ ഉപപദ്ധതി നിർവഹണം, തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയിൽനിന്നു മാറ്റി പട്ടികവർഗ്ഗ വികസന വകുപ്പിനെ ഏല്പിച്ചു

10(121) <u>വാർഷിക പദ്ധതിയിൽത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി സഹായം</u>

2001–02 വാർഷിക പദ്ധതിയിൽ ത്രിതല പഞ്ചായത്തുകൾക്ക് മൂന്നു ഗഡു പദ്ധതിവിഹിതം അനുവദിച്ചതിൽ 2002 മാർച്ച് 31–ാം തീയതിക്ക് മുമ്പായി 386,94,46,339/–രൂപ ചെലവഴിച്ചു.